പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.4281

24.06.2019 -ലെ മറുപടിയ്ക്ക്

## ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക

ചോദ്യം
ശ്രീ.കെ.എസ്. ശബരീനാഥൻ :

ഉത്തരം
ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) പൂട്ടിക്കിടക്കുന്ന ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി തുടങ്ങിയവ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തൊഴിലാളികൾക്ക് നൽകുന്നതിന് അടിയന്തര ഇടപെടൽ നടത്തണമെന്നുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിധിന്യായത്തിൽ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

എ) പൂട്ടിക്കിടക്കുന്ന ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക വിതരണം ചെയ്തിട്ടില്ല.

ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ശമ്പളകുടിശ്ശിക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നമ്പർ. 365/2006-മേലുള്ള അലക്ഷ്യ ഹർജി നമ്പർ. 16/2012-ൽ ഉത്തരവ് നിലവിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ. സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തേയിലതോട്ടങ്ങളിലെ തൊഴിലാളികൾക്ക് വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സർക്കാർ 2.79 കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ആയതിൽ 1.25 കോടി രൂപ ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യേണ്ടതായുണ്ട്.

പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം നിയമിതനാകുന്ന അതോറിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി മാത്രമേ വേതന കുടിശ്ശിക തുക തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം അതോറിറ്റി നിലവിലില്ലാത്തതിനാൽ ഇക്കാര്യത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. പെയ്മെന്റ് ഓഫ് വേജസ് ആക്ട് 1936 പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച ക്ലെയിം കേസുകളിന്മേൽ തീർപ്പുകൾ കൽപ്പിക്കേണ്ട അധികാരം തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നൽകുന്നതിന് വേണ്ടി ടി ആക്ടിലെ സെക്ഷൻ ( 15) ൽ സംസ്ഥാന ഭേദഗതി വരുത്തുന്നതിനുള്ള കരട് ബിൽ സംബന്ധിച്ച് ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിലെ 441

| | |
|---|---|
| | തൊഴിലാളികളിൽ നിന്നും ഗ്രാറ്റുവിറ്റി ലഭ്യമാക്കുവാൻ നിയമപ്രകാരമുള്ള അപേക്ഷകൾ ബന്ധപ്പെട്ട അതോറിറ്റി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും, ആയത് അതോറിറ്റിയുടെ വിചാരണയുടെ വിവിധ ഘട്ടങ്ങളിൽ എത്തിയിട്ടുള്ളതുമാണ്. |
| ബി) തൊഴിലാളികൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ വാങ്ങി നൽകാത്തതിന്റെ പേരിൽ കോടതിയലക്ഷ്യവിധി ഇക്കാര്യത്തിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം ഗൗരവമായി കാണുമോ; | ബി)നിലവിലുണ്ട്. നിലവിലുള്ള കോടതി അലക്ഷ്യ വിധി ഗൗരവമായി കാണുകയും തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| സി) ഇതേ കോടതിവിധിയുടെ അടിസ്ഥാനത്തിൽ തമിഴ് നാട് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകൾ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി /ശമ്പളകുടിശ്ശികകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഡി) ബോണക്കാട് എസ്റ്റേറ്റിൽ താമസിക്കുന്ന തൊഴിലാളികളുടെ ലായങ്ങൾ നവീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജീർണാവസ്ഥയിലുള്ള ലായങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ഡി) തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നടന്ന ചർച്ചകളിൽ തീരുമാനമെടുക്കുവാൻ കഴിയാത്തതിനാൽ 22.11.2018 തീയതിയിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുകയും, ചർച്ചയിലെ തീരുമാന പ്രകാരം ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ കോട്ടയം, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, ജില്ലാ ലേബർ ഓഫീസർ തിരുവനന്തപുരം എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത് പ്രകാരം ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| ഇ) വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ? | ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ബഹു.തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തോട്ടം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ മാനേജ്മെന്റിന് നിർദ്ദേശം നൽകുകയുണ്ടായി. ആയതനുസരിച്ച് മാനേജ്മെന്റ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച്. വരുന്നു. |

Sreedas

**സെക്ഷൻ ഓഫീസർ**